"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഭക്ഷ്യ പൊതുവിതരണ വകുപ്പ്- 2024-25 സാമ്പത്തിക വർഷം സപ്ലൈകോ വില്പനശാലകളുടെ നവീകരണത്തിന് 3.075 കോടി രൂപ (മൂന്നു കോടി ഏഴു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.18/2025/F&CS തീയതി,തിരുവനന്തപുരം, 25-01-2025

---

പരാമർശം:-

1. G.O(Rt)No.270/2024/F&CS തീയതി 26/08/2024.
2. സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 06/12/2024 - ലെ KSCSC/5045/2024/A1(F) -Part-1 നമ്പർ കത്ത്.
3. 2024-25 വർഷത്തെ പദ്ധതി മുൻഗണന സംബന്ധിച്ച് 04/12/2024-ലെ ചീഫ് സെക്രട്ടറിയുടെ കമ്മിറ്റി യോഗ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

സപ്ലൈകോ വില്പനശാലകളുടെ നവീകരണത്തിനായി 2024-2025 സാമ്പത്തിക വർഷം '2408-01-190-92(P)-34-3' ശീർഷകത്തിൽ 6.15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 08.07.2024-ന് നടന്ന വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ, ഔട്ട്ലെറ്റ് നവീകരിക്കുന്നതിനായി സപ്ലൈകോയ്ക്ക് 6,15,00,000/- രൂപയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. 2018-19 മുതൽ 2021-22 വരെ കാലഘട്ടങ്ങളിലായി പ്ലാൻ ഫണ്ട് ഉപയോഗിച്ച് വില്പനശാല നവീകരണം ഇനത്തിൽ അനുവദിക്കുവാൻ 9,02,18,289.70/- രൂപ ശേഷിക്കുന്നതായും 2024-ൽ ഭരണാനുമതി നൽകിയിട്ടുള്ള 6.15 കോടി രൂപയും അടിയന്തരമായി അനുവദിച്ച് നല്കുന്നതിനുള്ള ഉത്തരവ് നല്കണമെന്ന് സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഈ വിഷയം പരിഗണിക്കുകയും 2024-25 സാമ്പത്തിക വർഷം സപ്ലൈകോ വില്പനശാലകളുടെ നവീകരണത്തിനു 2408-01-190-92(P)-34-3 ശീർഷകത്തിൽ 3.075 കോടി രൂപ (മൂന്നു കോടി ഏഴു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ചുവടെ ചേർത്തിരിക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്തുനൽകുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് കമ്മീഷണർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

*1. ഫണ്ട് ബാങ്കിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല.*
*2. ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യത്തിനുമാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. യാതൊരു കാരണവശാലും വകമാറ്റി ചെലവഴിക്കാൻ പാടില്ല.*
*3. ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റും നിശ്ചിത പെർഫോമയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും*

*(As per GO(Ms) No.4/2020-Fin dated 09/01/2020) അടുത്ത റിലീസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.*

*4. 09/12/2008 തീയതിയിലെ സർക്കുലർ നം. 84/2008/ധന, 29/08/2009 തീയതിയിലെ സർക്കുലർ നം.75/2009/ധന, 31/01/2018 ലെ സർക്കുലർ നം. 08/2018/ധന, 04.01.2021തീയതിയിലെ സർക്കുലർ നം.01/2021/ധന എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.*

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

പകർപ്പ്:-
പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) , തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി. (ഫയൽ നം. സി2/115/2024-ഭ.പൊ.വി.വ)

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari I. S
Date: 25-01-2025 12:56:18
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്
ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ സി.എ. യ്ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്